"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി - അനധികൃത കരിങ്കല്ല് ഖനനം - ജിയോളജിസ്റ്റ് ഡിമാന്റ് ചെയ്ത തുക തവണകളായി ഒടുക്കുന്നതിന് അനുമതി ആവശ്യപ്പെട്ട് ശ്രീ.സിബു പീറ്റർ, മാനേജിംഗ് പാർട്ട്ണർ, മോഡേൺ ഇൻഡസ്ട്രീസ്, കണ്ണവം.പി.ഒ, കണ്ണൂർ സമർപ്പിച്ച അപേക്ഷയിൽ അനുമതി നൽകി ഉത്തരവാകുന്നു.

---

വ്യവസായ (എ) വകുപ്പ്

G.O.(Rt)No.436/2024/ID തീയതി,തിരുവനന്തപുരം, 07-06-2024

---

പരാമർശം:-
1. കണ്ണൂർ ജില്ലാ ജിയോളജിസ്റ്റിന്റെ 07.02.2024 തീയതിയിലെ DOKAN-DMG/1374/2023-M നമ്പർ നോട്ടീസ്.
2. ശ്രീ.സിബു പീറ്റർ. മാനേജിംഗ് പാർട്ട്ണർ, മോഡേൺ ഇൻഡസ്ട്രീസ്, കണ്ണവം.പി.ഒ, കണ്ണൂർ 22.02.2024 തീയതിയിൽ സമർപ്പിച്ച അപേക്ഷ
3. മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ 04.04.2024 തീയതിയിലെ 706/എം3/2024 നമ്പർ കത്ത്.

ഉത്തരവ്

കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിൽ കണ്ണവം വില്ലേജിൽ റീസർവ്വേ നം.108/1ബി ൽപ്പെട്ട 2.6509 ഹെക്ടർ സ്ഥലത്ത് നിന്നും കരിങ്കല്ല് ഖനനം ചെയ്യുന്നതിനായി ശ്രീ.സിബു പീറ്റർ. മാനേജിംഗ് പാർട്ട്ണർ, മോഡേൺ ഇൻഡസ്ട്രീസ്, കണ്ണവം.പി.ഒ, കണ്ണൂർ എന്ന വ്യക്തിക്ക് ക്വാറിയിംഗ് ലീസ് അനുവദിച്ചിട്ടുണ്ടായിരുന്നു. പ്രസ്തുത ക്വാറിയിൽ ജില്ലാ ജിയോളജി ഓഫീസിൽ നിന്നും നടത്തിയ പരിശോധനയിൽ മൈനിംഗ് ഏരിയയ്ക്കുള്ളിൽ നിന്നും 1,95,685 മെ.ടൺ കരിങ്കല്ലും, കൂടാതെ ലീസ് ഏരിയയ്ക്ക് പുറത്തു നിന്നും ബഫർ സോണിൽ നിന്നുമായി 25,009 മെ.ടൺ സാധാരണമണ്ണും അനധികൃതമായി നീക്കം ചെയ്ത് പുറത്തുകൊണ്ടു പോയതായി ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് കെ.എം.എം.സി ചട്ടങ്ങളിലെ ചട്ടം 108(2) പ്രകാരം അനധികൃതമായി നീക്കം ചെയ്ത ധാതുവിന്റെ റോയൽറ്റി, വില ഇനങ്ങളിൽ ആകെ 1,55.89.860/- രൂപ ഒടുക്കുന്നതിനാവശ്യപ്പെട്ട് കണ്ണൂർ ജിയോളജിസ്റ്റ് പരാമർശം (1) പ്രകാരമുള്ള ഡിമാന്റ് നോട്ടീസ് ശ്രീ.സിബു പീറ്ററിന് നൽകുകയുണ്ടായി.

2. തന്റെ ഇപ്പോഴത്തെ കടുത്ത സാമ്പത്തിക ബുദ്ധിമുട്ട് പരിഗണിച്ച് ജിയോളജിസ്റ്റ് ഡിമാന്റ് ചെയ്ത തുക പരമാവധി തവണകളാക്കി ഒടുക്കുന്നതിന് അനുമതി നൽകണമെന്നും. ആദ്യ ഗഡു ഒടുക്കുന്ന മുറയ്ക്ക് ക്വാറി തുറന്നുപ്രവർത്തിക്കുന്നതിനുള്ള അനുമതി നൽകണമെന്നും ആവശ്യപ്പെട്ട് ശ്രീ.സിബു പീറ്റർ പരാമർശം (2) പ്രകാരം ഒരു അപേക്ഷ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

3. പ്രസ്തുത അപേക്ഷ സംബന്ധിച്ച് മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിൽ കണ്ണവം വില്ലേജിൽ റീസർവേ നമ്പർ 108/1B

ൽ പ്പെട്ട 2.6509 ഹെക്ടർ സ്ഥലത്തുനിന്നും കരിങ്കല്ല് ഖനനം ചെയ്യുന്നതിനായി 08.02.2018 തീയതിയിലെ മൈനിംഗ് & ജിയോളജി ഡയറക്ടറുടെ 732/2017-18/5939/എം3/2017/ഡിഎംജി നമ്പർ നടപടിക്രമ പ്രകാരം മെ. മോഡേൺ ഇൻഡസ്ട്രീസ്, മാനേജിംഗ് പാർട്ണർ, ശ്രീ.സിബ്ബ പീറ്റർ, ബിൽഡിംഗ് നമ്പർ VII/313, എടയാർ, കണ്ണവം (പി.ഒ), കണ്ണൂർ-670650 എന്ന സ്ഥാപനത്തിന് കരിങ്കല്ല് ഖനനം ചെയ്യുന്നതിനായി 12 വർഷത്തേക്ക് (19.02.2018 മുതൽ 18.2.2030 വരെ) ക്വാറിയിംഗ് ലീസ് അനുവദിച്ചിട്ടുള്ളതാണ്. കണ്ണൂർ ജില്ല ഓഫീസിൽ നിന്നും അംഗീകരിച്ച നൽകിയ മൈനിംഗ് പ്ലാൻ അനുസരിച്ച് ആദ്യത്തെ അഞ്ച് സാമ്പത്തിക വർഷത്തിൽ 4,25,000 മെട്രിക് ടൺ കരിങ്കല്ല് ഖനനം ചെയ്യുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. എന്നാൽ നാളിതുവരെയായി 1,41,750 ടൺ കരിങ്കല്ല് ഖനനം ചെയ്ത് പുറത്തുകൊണ്ടുപോകുന്നതിനുള്ള റോയൽറ്റിയാണ് ടിയാൻ കണ്ണൂർ ഓഫീസിൽ ഒടുക്കിയിട്ടുള്ളത്. 2023 മാർച്ച് 31 ന് പ്രസ്തുത ക്വാറിയുടെ ആദ്യത്തെ അഞ്ച് സാമ്പത്തിക വർഷം പൂർത്തിയായിട്ടുള്ളതാണ്. തുടർന്ന് 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 67 പ്രകാരം ടി ക്വാറിയുടെ സ്കീം ഓഫ് മൈനിംഗ് ക്വാറിയുടമ കണ്ണൂർ ഓഫീസിൽ സമർപ്പിച്ചിട്ടുള്ളതും ആയത് കണ്ണൂർ ഓഫീസിൽ നിന്നും പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതുമാണ്.

പ്രസ്തുത ക്വാറിയിൽ കണ്ണൂർ ജില്ലാ ജിയോളജി ഓഫീസിൽ നിന്നും നടത്തിയ പരിശോധന, ക്വാറിയുടമ സമർപ്പിച്ച സ്കീം ഓഫ് മൈനിംഗ് എന്നിവയുടെ അടിസ്ഥാനത്തിൽ ടി ക്വാറിയുടെ മൈനിംഗ് ഏരിയയ്ക്കുള്ളിൽ നിന്നും 1,95,685 ടൺ കരിങ്കല്ലും കൂടാതെ ലീസ് ഏരിയയ്ക്ക് പുറത്തുനിന്നും ബഫർ സോണിൽ നിന്നുമായി 25.009 ടൺ സാധാരണ മണ്ണും അനധികൃതമായി ഖനനം ചെയ്ത് പുറത്തുകൊണ്ടുപോയതായി ബോധ്യപ്പെട്ടിട്ടുണ്ട്.

അനുമതിയോടുകൂടി അല്ലാതെ ഖനനം ചെയ്ത് പുറത്തുകൊണ്ടുപോയ ധാതുക്കളുടെ റോയൽറ്റിയും വിലയും 1957 ലെ മൈൻസ് ആൻഡ് മിനറൽസ് (ഡെവലപ്മെന്റ് ആൻഡ് റഗുലേഷൻ) നിയമത്തിലെ സെക്ഷൻ 21(5), 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 108(2) എന്നിവ പ്രകാരം സർക്കാരിലേക്ക് ഒടുക്കുവാൻ ക്വാറിയുടമ ബാധ്യസ്ഥനാണ്. അനധികൃത ധാതു ഖനനം നടന്നിരിക്കുന്നത് 01.04.2023 തീയതിക്ക് മുൻപായതിനാൽ അനധികൃതമായി ഖനനം ചെയ്ത് നീക്കിയ 1,95,685 ടൺ കരിങ്കല്ലിന് റോയൽറ്റി ഇനത്തിൽ ടൺ ഒന്നിന് 24/- രൂപ നിരക്കിൽ 46,96,440/- രൂപയും വിലയിനത്തിൽ ടൺ ഒന്നിന് 48/- രൂപ നിരക്കിൽ 93,92,880/- രൂപയും കൂടാതെ അനുമതിയില്ലാതെ നീക്കം ചെയ്ത 25,009 മെട്രിക് ടൺ സാധാരണ മണ്ണിന് റോയൽറ്റി ഇനത്തിൽ ടൺ ഒന്നിന് 20/- രൂപ നിരക്കിൽ 5,00,180/- രൂപയും വിലയിനത്തിൽ ടൺ ഒന്നിന് 40/- രൂപ നിരക്കിൽ 10,00,360/- രൂപയും കൂട്ടി ആകെ 1,55,89,860/- രൂപ (ഒരു കോടി അൻപത്തിയഞ്ച് ലക്ഷത്തി എൺപത്തിയൊൻപതിനായിരത്തി എണ്ണൂറ്റിയറുപത് രൂപ മാത്രം) സർക്കാരിലേക്ക് ഈടാക്കുന്നതിന് വേണ്ടി ക്വാറിയുടമയ്ക്ക് 07.02.2024 തീയതിയിൽ ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ളതാണ്.

മേൽ തുക സർക്കാരിലേക്ക് അടവാക്കുന്നതിന് ഗഡുക്കൾ അനുവദിക്കുന്നതിന് വേണ്ടിയാണ് ലീസുടമ സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. കേരള മൈനർ മിനറൽ കൺസഷൻ (ഭേദഗതി) ചട്ടം, 2023 ലെ ചട്ടം 115 പ്രകാരം മേൽ തുക സർക്കാരിലേക്ക് അടവാക്കുന്നതിന് ഗഡുക്കൾ അനുവദിക്കാവുന്നതാണ്.

4. തന്റെ ഇപ്പോഴത്തെ കടുത്ത സാമ്പത്തിക ബുദ്ധിമുട്ട് പരിഗണിച്ച് ജിയോളജിസ്റ്റ് ഡിമാന്റ് ചെയ്ത തുക പരമാവധി തവണകളാക്കി ഒടുക്കുന്നതിന് അനുമതി നൽകണമെന്ന അപേക്ഷകന്റെ അഭ്യർത്ഥന പരിഗണിച്ച് മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനധികൃത കരിങ്കല്ല് ഖനനത്തിന് പരാമർശം (1) നോട്ടീസ് പ്രകാരം കണ്ണൂർ ജിയോളജിസ്റ്റ് ഡിമാന്റ് ചെയ്ത 1,55,89,860/- രൂപ കേരള മൈനർ മിനറൽ കൺസഷൻ (ഭേദഗതി) ചട്ടം, 2023 ലെ ചട്ടം 115 പ്രകാരം 6 തവണകളായി ഒടുക്കുന്നതിന് ലീസുടമയായ ശ്രീ.സിബു പീറ്റർ, മാനേജിംഗ് പാർട്ട്ണർ, മോഡേൺ ഇൻഡസ്ട്രീസ്, കണ്ണവം.പി.ഒ. കണ്ണൂർ എന്ന വ്യക്തിക്ക് അനുമതി നൽകിക്കൊണ്ടും, തവണ വ്യവസ്ഥയിൽ ലംഘനം നടത്തിയാൽ തുക നിയമാനുസൃതമായി ഒരുമിച്ച് തിരിച്ചടക്കണമെന്ന വ്യവസ്ഥയോടും ആദ്യ ഗഡു ഒടുക്കുമ്പോൾ നിയമാനുസൃത വ്യവസ്ഥകൾക്കു വിധേയമായും ക്വാറി തുറന്നു പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് കണ്ണൂർ ജില്ലാ ജില്ലാ ജിയോളജിസ്റ്റിനു നിർദ്ദേശം നൽകി കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BYJU KUMAR S
DEPUTY SECRETARY

ശ്രീ.സിബു പീറ്റർ, മാനേജിംഗ് പാർട്ട്ണർ, മോഡേൺ ഇൻഡസ്ട്രീസ്. കണ്ണവം.പി.ഒ, കണ്ണൂർ
ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം
ജില്ലാ ജിയോളജിസ്റ്റ്, കണ്ണൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ), തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ